(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്രപേർക്ക് സാമ്പത്തിക സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പരിശീലനത്തിന് സാമ്പത്തിക സഹായം നൽകിയ എത്രപേർ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനം നേടിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) 1283 പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

(സി)

കോഴ്സ്	അഡ്മിഷൻ നേടിയവർ
മെഡിക്കൽ	21
എഞ്ചിനീയറിംഗ്	156
അഗ്രികൾച്ചർ	2
ബി.ഡി.എസ്.	1

ട്യൂഷൻ ഫീസ്

191 (8252) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ അഞ്ചുവർഷക്കാലം പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്നതിന് ട്യൂഷൻഫീസ് ഇനത്തിൽ നൽകിയിട്ടുള്ള തുക വർഷംതിരിച്ച് ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലം സ്വാശ്രയ മെഡിക്കൽ കോളേജിൽ പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ട്യൂഷൻഫീസ് ഇനത്തിൽ എത്ര തുക എം.ബി.ബി.എസ്., ബി.ഡി.എസ്. പഠനത്തിന് നൽകിയിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഞ്ചിനീയറിംഗ് ട്യൂഷൻ ഫീസ് :

അദ്ധ്യയന വർഷം	അനുവദിച്ച തുക
2009-10	10,15,29,650
2010-11	11,25,82,850
2011-12	13,62,63,250
2012-13	16,23,20,800
2013-14	16,08,20,200

(ബി) എം.ബി.ബി.എസ്., ബി.ഡി.എസ്. ട്യൂഷൻ ഫീസ് :

2009-10	2,11,61,250
2010-11	2,92,87,550
2011-12	5,00,74,500
2012-13	5,91,78,750
2013-14	3,96,41,000

പാലക്കാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്

192 (8253) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ മോഡൽ റസിഡൻഷ്യൽ പോളിടെക്നിക് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണ് പോളിടെക്നിക് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പോളിടെക്നിക് ആരംഭിച്ചത് എപ്പോഴാണെന്നും കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ; ഏതെല്ലാം ഡിപ്ലോമാ കോഴ്സുകളാണ് നിലവിലുള്ളതെന്ന് പറയാമോ ;

(സി) പോളിടെക്നിക്കിനു വേണ്ട കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, ഹോസ്റ്റൽ എന്നിവ സജ്ജീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly